(ബി) രാത്രികാല പരിശോധനകൾ എല്ലാ ദിവസവും നടത്താറുണ്ട്. ഇതു തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ. ടി. ഡി. എഫ്. സി. യുടെ പ്രവർത്തനങ്ങളുടെ വിപുലീകരണം

106 [3511] ശ്രീ. ജോണി നെല്ലൂർ:
" ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ടി. ഡി. എഫ്. സി. യുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ലാഭകരമാക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുവേണ്ടി ജില്ലാ തലത്തിൽ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനായി നാഷണൽ സേവിംഗ്സ് സ്കീമിലേതുപോലെ ഏജന്റുമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. ടി. ഡി. എഫ്. സി. യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനു വേണ്ടി 130 കോടി രൂപയുടെ ബോണ്ട് പുറപ്പെടുവിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. ഗതാഗത മേഖലയുമായി ബന്ധപ്പെട്ട ഓഫീസുകൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനായി വഴുതക്കാട് ജംഗ്ഷനിൽ ബി. ഒ. ടി. വ്യവസ്ഥയിൽ 10 നിലകളുള്ള 'ട്രാൻസ് ടവേഴ്സ്' നിർമ്മിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുണ്ട്. നിയസഭാ സാമാജികൻമാർക്കും ഐ. എ. എസ്സ്. ഓഫീസർമാർ, വകുപ്പ് തലവൻമാർ എന്നിവർക്കും കുറഞ്ഞ പലിശ നിരക്കിൽ, വാഹന വായ്പ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിൽ കെ. ടി. ഡി. എഫ്. സി.-യ്ക്ക് തിരുവനന്തപുരത്തെ ഹെഡ് ഓഫീസ് കൂടാതെ എറണാകുളത്തും കോഴിക്കോട്ടും ഓരോ ബ്രാഞ്ച് ഓഫീസുകൾ ഉണ്ട്. പ്രസ്തുത ബ്രാഞ്ച് ഓഫീസുകൾ അതാതു ജില്ലകളെ കൂടാതെ സമീപ ജില്ലകളിലെ ആവശ്യങ്ങൾ കൂടി നിറവേറ്റുന്നതിന് പര്യാപ്തമാണ്. ഏതെങ്കിലും പ്രത്യേക ജില്ലയിലോ, ജില്ലകളിലോ വ്യാപാര സാദ്ധ്യത അധികമായി വരുന്നപക്ഷം, പ്രസ്തുത ജില്ലാ കേന്ദ്രങ്ങളിൽ ബ്രാഞ്ച് ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) നിക്ഷേപ സമാഹരണത്തിനായി കെ. ടി. ഡി. എഫ്. സി. ഏജന്റുമാരേയും ഫണ്ടു മാനേജർമാരേയും നിയമിച്ചിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സമാന ഏജൻസികളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഉതകുന്ന രീതിയിൽ മാത്രമാണ് ഏജൻസി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly